**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *88 — 12.6.2013-ലെ മറുപടിക്ക്

**മാനസിക ആരോഗ്യ നയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. വർക്കല കഹാർ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" ഷാഫി പറമ്പിൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മാനസിക ആരോഗ്യ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; | എ) മാനസിക ആരോഗ്യ നയത്തിന് രൂപം നൽകിയിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ; | ബി) സംസ്ഥാന മാനസിക ആരോഗ്യ നയത്തിന്റെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു (അനുബന്ധം I) |
| സി) ആരെല്ലാമാണ് ഇത് നടപ്പാക്കാൻ സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം, ജില്ലാ മാനസിക ആരോഗ്യ പരിപാടി, സാമൂഹിക മാനസിക ആരോഗ്യ പരിപാടി, ഗവൺമെന്റേതര സംഘടനകൾ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനത്തോടെയാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | ഡി) മാനസികാരോഗ്യ പ്രശ്നങ്ങളുള്ള എല്ലാവർക്കും അവരുടെ സ്ഥലത്ത് അടുത്തു തന്നെ സൗജന്യ ചികിത്സ ലഭിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും ജില്ലാ സാമൂഹിക മാനസികാരോഗ്യപരിപാടി, കേന്ദ്ര |

സർക്കാർ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കി കഴിഞ്ഞു. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരെ മനോരോഗികളെ ചികിത്സിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പരിപാടികൾ ജില്ലാ സാമൂഹിക മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. മനോരോഗ ചികിത്സാ വിദഗ്ദരുടെ ലഭ്യത അനുസരിച്ച് എല്ലാ താലൂക്ക് ആശുപത്രികളിലും ഘട്ടംഘട്ടമായി മനോരോഗ ചികിത്സാ യുണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 13 താലൂക്ക് ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രങ്ങളിലും ഇംഹാൻസ് കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലും പുനരധിവാസ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടികളുടെയും വൃദ്ധജനങ്ങളുടെയും മാനസികാരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗത്തിൽ ചൈൽഡ് ആന്റ് അഡോളസെന്റ് ക്ലിനിക്കും ജീറിയാട്രിക് യൂണിറ്റുകളും തുടങ്ങി കൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് നിലവിലുള്ള സ്വകാര്യ മനോരോഗ ചികിത്സാ സ്ഥാപനങ്ങളിൽ ചികിത്സക്കായി എത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സയും പരിരക്ഷയും ഉറപ്പാക്കുന്നതിലേക്കായി മെന്റൽ ഹെൽത്ത് ആക്ടിലെയും മെന്റൽ ഹെൽത്ത് റൂളിലെയും വ്യവസ്ഥകളനുസരിച്ചുള്ള ലൈസൻസിംഗ് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

സംസ്ഥാന മാനസികാരോഗ്യ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(I) ദീർഘകാല ലക്ഷ്യങ്ങൾ

a) മനോവൈകല്യം ബാധിച്ച എല്ലാവർക്കും ചികിത്സ കിട്ടത്തക്കവിധം ആശുപത്രി അധിഷ്ഠിതവും സാമൂഹ്യാടിസ്ഥാനത്തിലുള്ളതുമായ സൗകര്യങ്ങളെല്ലാം പരമാവധി പ്രയോജനപ്പെടുത്തിയും വൈവിദ്ധ്യങ്ങളെയാകെ സമന്വയിപ്പിച്ചുകൊണ്ടും ബഹുമുഖമായ പ്രവർത്തനമേഖലകൾ ഉൾക്കൊള്ളുന്നതുമായ ഒരു മാനസികാരോഗ്യപരിപാടി വികസിപ്പിച്ചെടുക്കണം.

b) മനോരോഗങ്ങൾ ബാധിച്ചവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ജീവിതനിലവാരം മെച്ചപ്പെടുത്താൻ പര്യാപ്തമായ വിധത്തിൽ ചെലവു കുറഞ്ഞതും ഫലപ്രദവുമായ ചികിത്സാരീതികൾ ഉറപ്പാക്കണം.

c) പ്രത്യേക പരിഗണനയും വൈദ്യസേവനവും അർഹിക്കുന്ന വിഭാഗത്തിൽപ്പെടുന്നവരേയും മാനസിക സംഘർഷങ്ങളുള്ളവരേയും വേർതിരിച്ചറിയണം. ആത്മഹത്യാപ്രവണത, മദ്യമയക്കുമരുന്നുകളുടെ ഉപയോഗം, തുടങ്ങിയവ തടയുവാനുള്ള പ്രവർത്തനങ്ങളും മദ്യമയക്കുമരുന്നുകളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവരെ ചികിത്സിച്ച് ജീവിതത്തിന്റെ മുഖ്യധാരയിലെത്തിക്കുവാൻ ആവശ്യമായ ചികിത്സാ പുനരധിവാസ സൗകര്യങ്ങളും ആവശ്യാനുസൃതം ലഭ്യമാക്കേണ്ടതുണ്ട്

d) ആധുനികവൽക്കരണത്തിന്റെ ഫലമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യാവിതരണ വ്യതിയാനങ്ങൾ ഇതര സാമൂഹ്യമാറ്റങ്ങളുമായി ബന്ധപ്പെട്ട പിരിമുറുക്കങ്ങൾ, മാനസിക പ്രശ്നങ്ങൾ എന്നിവയെല്ലാം വേർതിരിച്ചറിഞ്ഞ് ഇവയുമായിട്ടെല്ലാം പൊരുത്തപ്പെട്ടുപോകാൻ പറ്റിയതരത്തിൽ മനുഷ്യമനസ്സുകളെ സജ്ജമാക്കാനുതകുന്ന ജീവിത നിപുണതാ പരിശീലനം ഉൾപ്പെടെയുള്ള ബോധവൽക്കണ വിദ്യാഭ്യാസപരിപാടികൾക്ക് രൂപം നൽകണം.

e) സാധാരണയായി കണ്ടുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങളെ ഫലപ്രദമായി ചികിത്സിച്ചു ഭേദമാക്കുവാനും പ്രതിരോധിക്കുവാനും ആധുനിക വൈദ്യശാസ്ത്ര ബിരുദ വിദ്യാർത്ഥികളെയും ഇതര വൈദ്യശാസ്ത്ര ചികിത്സാ മേഖലകളിലെ ബിരുദവിദ്യാർത്ഥികളെയും പ്രാപ്തരാക്കത്തക്കരീതിയിൽ വൈദ്യശാസ്ത്ര വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കരിക്കണം.

f) മനോരോഗ ചികിത്സാരംഗത്ത് സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സൈക്യാട്രിക് നേഴ്സ് തുടങ്ങിയ കൂടുതൽ വിദഗ്ധരെ പരിശീലിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

g) പ്രൈമറി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ. മനോരോഗ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും, ലഭ്യമായവയെ വിപുലീകരിക്കുകയും ചെയ്തശേഷം മാനസികാരോഗ്യകേന്ദ്രങ്ങളെയും, മെഡിക്കൽ കോളേജ് മനോരോഗചികിത്സാ വിഭാഗത്തെയും റഫറൽ സെന്ററുകളാക്കി ഉയർത്തണം.

h) ഓരോ 10 വർഷം കൂടുംതോറും മനോരോഗ ചികിത്സാരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്ത് മുൻഗണന കൊടുക്കേണ്ട വിഷയങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

(II) താൽക്കാലിക ലക്ഷ്യങ്ങൾ

1. മാനസികാരോഗ്യവിഭാഗത്തെ നിലവിലുള്ള പൊതുജനാരോഗ്യ വകുപ്പിന്റെ പ്രവർത്തനശൃംഖലയുമായി ഇണക്കി അതിന്റെ പ്രവർത്തനരീതി വികേന്ദ്രീകരിക്കണം.

2. നമ്മുടെ സംസ്കാരവുമായി ഇണങ്ങിപ്പോകുന്നതും ചെലവുകുറഞ്ഞതുമായ ഒരു പ്രവർത്തനമാതൃക വികസിപ്പിച്ചെടുക്കണം.

3. മനോരോഗം വന്നാൽ വൈദ്യസഹായം തേടുകയെന്ന ശീലം വളർത്തിയെടുക്കുന്നതിലേയ്ക്ക് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

4. മാനസികാരോഗ്യ ചികിത്സാപദ്ധതിയിലൂടെ ഉപഭോക്തൃസംഘടനകൾ ഉണ്ടാക്കി പ്രവർത്തന ശൃംഖലയിൽ അവരുടെ സേവനങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകണം. രോഗികളുടെയും ബന്ധുക്കളുടെയും സ്വയം സഹായക സംഘങ്ങൾ താലൂക്ക് തലത്തിൽ രൂപീകരിക്കണം.

5. മാനസികാരോഗ്യവിഭാഗത്തിന്റെ ഭരണചുമതല പഞ്ചായത്തി രാജ് സമ്പ്രദായവുമായി പൊരുത്തപ്പെടുന്ന വിധത്തിൽ രൂപകല്പന ചെയ്യണം.

6. നിത്യജീവിതത്തിൽ മനോരോഗങ്ങൾക്കു പ്രേരകമാകുന്ന ഘടകങ്ങളെ വേർതിരിച്ചറിഞ്ഞ് പ്രതിരോധസാദ്ധ്യതയുള്ള ഘടകങ്ങളെ പരിപോഷിപ്പിക്കണം.

7. രോഗനിയന്ത്രണം, പ്രതിരോധം, ചികിത്സ, പുനരധിവാസം എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങളെ പരിപോഷിപ്പിക്കണം.

8. സർക്കാരിന്റെ കീഴിലുള്ള പൊതുജനാരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സൈക്യാട്രിസ്റ്റുകളല്ലാത്ത ഡോക്ടർമാർക്ക് മാനസിക രോഗചികിത്സാ നിപുണത കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ കുറഞ്ഞതു 3 മാസത്തെ മനോരോഗ ചികിത്സാ പരിശീലനം നിർബന്ധമാക്കണം. മാനസികാരോഗ്യ ചികിത്സയിൽ തൽപരരായവരും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവരുമായ ഡോക്ടർമാർക്ക് സൗജന്യമായി മനോരോഗചികിത്സാ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

9. സർക്കാർ മേഖലയിലുള്ള മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സയും പരിചരണവും ലഭ്യമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാനവവിഭവ ശേഷിയും വിപുലീകരിക്കണം.

10. മാനസികാരോഗ്യ കേന്ദ്രങ്ങളിലെ നേഴ്സുമാരടക്കമുള്ള പാരാമെഡിക്കൽ ജീവനക്കാർക്ക് മാനസികാരോഗ്യത്തെക്കുറിച്ചും മനോരോഗികളുടെ മനുഷ്യാവകാശത്തെക്കുറിച്ചും ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം വർഷത്തിൽ കുറഞ്ഞതു രണ്ടു തവണ എങ്കിലും മുടങ്ങാതെ നൽകണം.